23.5.2008-ലെ നബാർഡ് സർക്കുലർ പ്രകാരം നൽകിയ പദ്ധതിയുടെ തുടർച്ചയായി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് കേന്ദ്ര ധനകാര്യ വകുപ്പിന്റെ 28.5.2008-ലെ സർക്കുലർ പ്രകാരം നൽകിയ വിശദീകരണത്തിന്റെയും സംശയനിവാരണ ത്തിന്റെയും വിവർത്തനം ഇതോടൊപ്പം നൽകുന്നു.

## <u>കാർഷിക കടം എഴുതിതള്ളലും കടാശ്വാസവും പദ്ധതി -2008</u>

കാർഷിക കടം എഴുതി തള്ളലും കടാശ്വാസവും പദ്ധതി 2008 സമഗ്രവും സ്വയം വിശദീകരണ സമർത്ഥവുമാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരും പദ്ധതിയുടെ അതിവേഗ നടത്തിപ്പിനായി ഇതിലെ വ്യവസ്ഥകൾ പൂർണ്ണമായി മനസ്സിലാക്കിയിരിക്കണമെന്നുള്ള കാര്യം ബാങ്കുകളുടെ പ്രധാന ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

2. ഈ സർക്കുലറിൽ വിശദീകരണ രീതിയിലുള്ള ചില അനുബന്ധ നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു. താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ഉയർത്തിയേക്കാവുന്ന സംശയങ്ങൾ ദൂരികരിക്കാൻ ഈ നിർദ്ദേശങ്ങൾ പദ്ധതി നടത്തിപ്പ് സ്ഥാപനങ്ങളെ സഹായിയ്ക്കും.

i) (a) 31.3.1997 മുതൽ 31.3.2007 വരെ നൽകിയ വായ്പകൾ (b) 31.12.2007-ൽ കുടിശ്ശിക നിൽക്കുന്നതുക (c) (b)-യിൽ ഉൽപ്പെട്ട തുകയിൽ 29.2.2008-ൽ കുടിശ്ശിക ബാക്കി നിൽപ്പ് തുക എന്നീ 3 വ്യവസ്ഥകളും പാലിക്കുന്ന കടം മാത്രമേ എഴുതി തള്ളലിനും കടാശ്വാസത്തിനും ഈ പദ്ധതിയനുസരിച്ച് അർഹമാവുകയുള്ളൂ. മേൽപ്പറഞ്ഞ മൂന്നു വ്യവസ്ഥകളും പാലിക്കുന്ന വായ്പകളിൽ കർഷകർക്ക് നേരിട്ടു നൽകിയ കാർഷിക വായ്പയാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുക.

<u>**വിശദീകരണങ്ങൾ**</u>

അനുബന്ധ കാർഷിക പദ്ധതിക്കുവേണ്ടി എടുത്ത ഒരു വായ്പയിൽ 31.12.2007-ൽ തവണകൾ കുടിശ്ശികയാണെങ്കിലും ആയത് 31.3.2007-നു ശേഷം നൽകിയ വായ്പയാണെങ്കിൽ ഈ പാദ്ധതിയിൽ വരികയില്ല.

31.3.2007 വരെ 18 മാസത്തേക്ക് നൽകിയ കാർഷിക വായ്പയാണെങ്കിലും 31.12.2007-ൽ കുടിശ്ശികയില്ലെങ്കിൽ ആയത് കടം എഴുതിതള്ളലിനോ, കടാശ്വാസത്തിനോ അർഹമല്ല.

ii) പരിഷ്കരിയ്ക്കുകയോ പുനഃക്രമീകരിക്കുകയോ ചെയ്ത പദ്ധതിവായ്പയാണെങ്കിൽ റീഷെഡ്യൂൾ ചെയ്ത ദിവസം കുടിശ്ശികയായിരുന്ന തവണകളും, പരിഷ്കരിക്കുകയോ, പുനഃക്രമീകരിക്കുകയോ ചെയ്ത ദിവസം കുടിശ്ശിക അല്ലാതിരുന്ന ബാക്കിനിൽപ്പു തുകയിൽ പിന്നീട് 31.12.2007-ൽ കുടിശ്ശികയായിതീരുകയും ചെയ്ത പദ്ധതി വായ്പയുടെ ഭാഗവും മാത്രമേ കടം എഴുതിതള്ളലിനും കടാശ്വസത്തിനും അർഹമാകൂ. മൊത്തം പദ്ധതി വായ്പയും പരിഷ്കരിച്ചതാണെങ്കിലും പരിഷ്കരിച്ച ദിവസം കുടിശ്ശികയായ തവണകളും, പരിഷ്കരിക്കാത്ത ലോണിന്റെ ഭാഗമായതും 31.12.2007-ൽ കുടിശ്ശികയായ തവണകളും കടം എഴുതിതള്ളലിനും കടാശ്വാസത്തിനും അർഹമായിരിക്കും.

iii) പദ്ധതിയിൽ നിർവ്വചിക്കപ്പെട്ട വായ്പാ വിതരണ സ്ഥാപനങ്ങളായ സഹകരണ വായ്പാ സംഘങ്ങൾക്ക് അവയുടെ അംഗങ്ങൾക്ക് നേരിട്ട് കാർഷിക വായ്പ നൽകാനായി ബാങ്കുകൾ നൽകിയ വായ്പകൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.

iv) പദ്ധതി പ്രകാരം അർഹനായ ഒരു വായ്പക്കാരന് ഒന്നിലധികം കാർഷിക വായ്പകളുണ്ടാകാം. ഈ വായ്പകളിലെ കുടിശ്ശികകൾ പ്രത്യേകം പ്രത്യേകം കണക്കാക്കേണ്ടതാണ്. 25% OTS കടാശ്വാസം (വയനാട്, കാസർകോട്, പാലക്കാട് ജില്ലകൾക്കുള്ള 20,000/- രൂപയോ, 25%-മോ, അതിലേതാണോ വലുത് അതോ) വിളവായ്പയ്ക്കും പദ്ധതി വായ്പക്കും പ്രത്യേകം പ്രത്യേകം കണക്കാക്കി നൽകണം.

v) തോട്ടകൃഷി പോലെയുള്ള വായ്പകൾക്ക് നാമമാത്ര/ചെറുകിട/മറ്റു കർഷകരെന്നുള്ള തരംതിരിവ് പ്രത്യേകം ഗണാടിസ്ഥാനത്തിലുള്ള നിർവ്വചനങ്ങൾ കണ്ടേക്കാം. പക്ഷേ ഈ പദ്ധതി നടത്തിപ്പിന്റെ ആവശ്യത്തിലേക്കായി വസ്തുവിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നൽകിയ തരംതിരിവായിരിക്കും മാനദണ്ഡമായി സ്വീകരിക്കുക.

എന്നാൽ കാർഷികാനുബന്ധ പദ്ധതിവായ്പകളുടെ കാര്യത്തിൽ വസ്തുവിന്റെ വിസ്തീർണ്ണമല്ല മാനദണ്ഡ ഘടകം. വായ്പയുടെ മുതൽ 50000/- രൂപയോ അതിൽ താഴെയോ ആണെങ്കിൽ 'നാമമാത്ര/ചെറുകിട കർഷക'നെന്നും, 50000/- രൂപയ്ക്കു മുകളിലാണെങ്കിൽ 'മറ്റു കർഷക'നെന്നും തരംതിരിച്ചിരിക്കുന്നു.

vi) 31.3.2007-നു മുൻപ് ഭാഗികമായി നൽകപ്പെട്ട വായ്പകളുടെ കാര്യത്തിൽ പ്രസ്തുത വായ്പയിൽ 31.3.2007-നു മുമ്പേ വിതരണം ചെയ്തതുകയിൽ 31.12.2007-ൽ കുടിശ്ശികയായ ഭാഗത്തിന്റേയും കുടിശ്ശികയായ തവണ കളുടേയും 29.2.2008-ലെ ബാക്കി നില്പു തുകയായിരിക്കും അർഹമായ തുകയായി കണക്കാക്കുന്നത്.

vii) കേസ് കൊടുക്കപ്പെട്ട അക്കൗണ്ടുകളുടേയും, തിരിച്ചു വിളിക്കപ്പെട്ട അക്കൗണ്ടുകളുടേയും NPA നിർണ്ണയിക്കുമ്പോൾ മൊത്തം തുകയാണ് NPA ആയി കണക്കാക്കുന്നതെങ്കിലും ഈ പദ്ധതിയുടെ ആവശ്യത്തിലേക്കായി ഇത്തരം NPA-യിൽ 31.3.2007 വരെ വിതരണം ചെയ്ത തുകയിൽ 31.12.2007-ന് കുടിശ്ശികയായ തുകയിലെ 29.2.2008-ലെ ബാക്കി നില്പുതുക മാത്രമേ എഴുതിതള്ളലിനോ, കടാശ്വാസത്തിനോ പരിഗണിക്കുകയുള്ളൂ.

viii) ബാങ്കുകൾ സ്വയം എഴുതി തള്ളിയ വായ്പകൾ ഈ പദ്ധതിയുടെ പരിധിയിൽ വരികയില്ല. പ്രസ്തുത വായ്പകൾ കൃഷിക്കാരനിൽനിന്ന് ഈടാക്കാനോ കേന്ദ്ര ഗവൺമെന്റിൽനിന്നും ആശ്വാസതുക അവകാശപ്പെടാനോ പാടില്ല. എന്നിരുന്നാലും, മേൽപ്പറഞ്ഞപ്രകാരം എഴുതിതള്ളിയ വായ്പയ്ക്കുപകരം പുതിയ വായ്പയ്ക്ക് കർഷകർക്ക് അർഹതയുണ്ടായിരിക്കും.

ix) a) മുതലിനേക്കാൾ കൂടുതൽ വരുന്ന പലിശ ഈ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് അവകാശപ്പെടാനോ കർഷകനിൽനിന്ന് ഈടാക്കാനോപാടുള്ളതല്ല. കൂടാതെ പിഴപ്പലിശയോ, വ്യവഹാര ചെലവുകളോ, മറ്റു ചെലവുകളോ ഒന്നും ബാങ്കുകൾ കർഷകരിൽനിന്നോ കേന്ദ്ര ഗവൺമെന്റിൽ നിന്നോ വാങ്ങാൻ പാടില്ല. മേൽപ്പറഞ്ഞ പലിശത്തുക/ചെലവുകൾ ബാങ്കുകൾതന്നെ വഹിക്കേണ്ടതാണ്.

b) 1.4.2006-ന് ശേഷം നൽകിയ വിളവായ്പകളുടെ പലിശ 7%-ൽ അധികരിക്കാൻ പാടില്ല. 7%-ന് മുകളിലുള്ള വിളവായ്പയുടെ പലിശയുടെ ഭാരം ബാങ്കുകൾതന്നെ വഹിക്കണം.

c) കടം എഴുതിതള്ളലിനോ, കാടാശ്വാസത്തിനോ അർഹമല്ലാത്ത വായ്പകൾക്ക് സാധാരണ പലിശതന്നെ ബാങ്കുകൾക്ക് ഈടാക്കാവുന്നതാണ്.

x സ്വർണ്ണത്തിന്റെ ജാമ്യത്തിൽ കൊടുത്ത ഹ്രസ്വകാല കാർഷിക വായ്പ ഈ പദ്ധതിയുടെ കീഴിൽ വരുന്നതാണ്. എന്നാൽ തൻവർഷം മറ്റു കാർഷിക വായ്പകൾക്കു ഈടാക്കുന്നതിൽ കൂടുതൽ പലിശ മേൽപ്പറഞ്ഞ സ്വർണ്ണപണയ വായ്പകൾക്ക് ഈടാക്കിയിരിക്കാൻ പാടില്ല. മാത്രമല്ല 1.4.2006-നു ശേഷം നൽകിയ വായ്പകളിൽ പലിശ 7%-ൽ അധികരിക്കാൻ പാടില്ല.

xi ആഴക്കടൽ മത്സ്യബന്ധനത്തിന് നൽകിയ വായ്പകൾ മത്സ്യകൃഷിയുടെ ഭാഗമായിവരും. തന്മൂലം ബാങ്കുകൾ ആഴക്കടൽ മത്സ്യബന്ധനത്തൊഴിലാളികൾക്കു നൽകരിയ വായ്പകൾ കാർഷികാനുബന്ധ പദ്ധതി വായ്പകളുടെ ഇനത്തിൽ ഈ പദ്ധതിയുടെ പരിധിയിൽ വരും.

xii ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള വായ്പകൾ ഈ പദ്ധതിയുടെ പരിധിയിൽ വരികയില്ല. കർഷകപ്പണിക്കുള്ള പുര നിർമ്മിക്കുക, സ്ഥലം വാങ്ങിക്കുക, വേലി/മതിൽകെട്ടുക തുടങ്ങിയവക്കുള്ള വായ്പകളും ഈ പദ്ധിതയുടെ പരിധിയിൽ വരികയില്ല.

xiii കർഷകർക്കു നേരിട്ടു നൽകുന്ന വായ്പകൾ മാത്രമേ ഈ പദ്ധതിയുടെ പരിധിയിൽ വരികയുള്ളൂ. കർഷകർക്കു നൽകുന്ന കാർഷികേതര വായ്പകളും, കമ്പനികൾക്കോ, രജിസ്റ്റേർഡ് സൊസൈറ്റികൾ, ട്രസ്റ്റുകൾ, പാർട്ട്ണർഷിപ്പുകൾ തുടങ്ങിയ നിയമദൃഷ്യ്യായുള്ള വ്യക്തികൾക്കോ നൽകുന്ന കാർഷിക വായ്പകളും ഈ പദ്ധതിയുടെ പരിധിയിൽ വരികയില്ല.

xiv ഹ്രസ്വകാല കാർഷിക വായ്പയിൽ പരമ്പരാഗതമോ, പരമ്പരാഗതമല്ലാത്തതോ ആയ തോട്ടകൃഷിയ്ക്കോ, ഉദ്യാനകൃഷിയ്ക്കോ നൽകിയ ഒരു ലക്ഷം രൂപവരെയുള്ള പ്രവർത്തന മൂലധന വായ്പകളും ഉൾപ്പെടും. ഇതിനർത്ഥം പ്രവർത്തന മൂലധന വായ്പകളിൽ ഒരു ലക്ഷംരൂപവരെയുള്ള തുക മാത്രമെ കണക്കാക്കുകയുള്ളൂവെന്നും അതും 31.12.2007-ൽ കുടിശ്ശികയായി നിൽക്കുന്ന തുകയ്ക്ക് OTS കടാശ്വാസത്തിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ (ഇതല്ലാതെ മൊത്തം 1 ലക്ഷം രൂപയ്ക്ക് അർഹതയുണ്ടായിരിക്കുകയില്ല).

xv ഈ പദ്ധതി 30.6.2008-ഓടു കൂടി നടപ്പാക്കേണ്ടതാണ് റിസർവ്വ് ബാങ്കും, നബാർഡും ഈ പദ്ധതിയുടെ നടത്തിപ്പ് 31.7.2008 വരെ ദിവസംതോറും മോണിട്ടർ ചെയ്യുന്നതിനും അതിനുശേഷം ആഴ്ചതോറും മോണിട്ടർ ചെയ്യുന്നതിനും സംവിധാനം നിലവിൽവരുന്നതാണ്.

xvi വായ്പാ വിതരണ സ്ഥാപനങ്ങൾ പദ്ധതിയിൽ പറഞ്ഞിരിക്കുന്നതുപോലെ തർക്ക പരിഹാര ഓഫീസർമാരെ നിയമിക്കേണ്ടതും പ്രസ്തുക വിവരം റിസർവ്വ് ബാങ്കിനേയും, നബാർഡിനേയും 5.6.2008-ഓടു കൂടി അറിയിക്കേണ്ടതുമാണ്.

xvii ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെയും, ഗ്രാമീണ ബാങ്കുകളുടേയും സഹകരണ വായ്പാ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരും വായ്പാ വിതരണ ബാങ്കുകളുടെ ശാഖകൾ സന്ദർശിച്ച് പദ്ധതിനടത്തിപ്പ് സുഗമമാണെന്ന് ഉറപ്പു വരുത്താൻ സീനിയർ ഓഫീസർമാരെ നിയോഗിക്കേണ്ടതാണ്. വായ്പാ വിതരണ ബാങ്കുകളുടെ ഓരോ ശാഖയും ഒരിയ്ക്കലെങ്കിലും പ്രസ്തുത ഓഫീസർ 2008 ജൂൺ മാസത്തിലെ രണ്ടാമത്തെയും മുന്നാമത്തേയും ആഴ്ചകളിൽ സന്ദർശിച്ചിരിക്കേണ്ടതാണ്. ഇതുകുടാതെ

ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളുടേയും, സഹകരണ വായ്പാ സ്ഥാപനങ്ങളുടേയും അദ്ധ്യക്ഷൻമാർ 2008 ജൂൺ മാസത്തിലും ജൂലൈ മാസത്തിലും, കടം എഴുതിത്തള്ളലും കടാശ്വാസവും പദ്ധതിയുടെ മേൽനോട്ടത്തിനായി ധാരാളം സന്ദർശനങ്ങൾ നടത്തേണ്ടതാണ്. ഈ സന്ദർശനങ്ങളുടെ പ്രാഥമിക ലക്ഷ്യം കാർഷിക കടം എഴുതി തള്ളുന്നതിൻേയും കടാശ്വാസം നൽകുന്നതിന്റേയും കാര്യം സുക്ഷമതയോടെയും, കൃത്യതയോടെയും ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കൽ 30.6.2008-നോ അതിന് മുൻമ്പോ ബാങ്കുകളിൽ ലിസ്റ്റ് പ്രദർശിപ്പിക്കൽ, സർട്ടിഫിക്കറ്റ് നൽകൽ എന്നിവ ഉറപ്പാക്കലാണ്.

xviii) 30.6.2008 - മുമ്പായി ലിസ്റ്റുകൾ പ്രദർശിപ്പിക്കുന്നകാര്യം ഉറപ്പാക്കേണ്ടതാണ്. ഈ ലിസ്റ്റുകൾ ബ്രാഞ്ച് മാനേജരുടെ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കുകയും, ഖണ്ഡിക (xvii) - ൽ പറയുന്ന പ്രകാരമുള്ള സീനിയർ ഓഫീസറെക്കൊണ്ട് മേൽ പരിശോധന നടത്തേണ്ടതുമാണ്. അർഹരായ ആൾക്കാർ ഒഴിവാക്കപ്പെടാതിരിക്കാനും അനർഹരായ ആൾക്കാർ ഉൾപ്പെടാതിരിക്കാനും എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്. ഈ ലിസ്റ്റുകളുടെ സത്യസന്തധതക്കും, കൃത്യതയ്ക്കും മേൽപറഞ്ഞ രണ്ട് ഓഫീസർമാരും ഉത്തരവാദി കളായിരിക്കുന്നതാണ്.

xix) ഖണ്ഡിക 11-ൽ പറയുന്ന ആഡിറ്റിനെപ്പറ്റി എല്ലാ ഉദ്യോഗസ്ഥ മാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ആഡിറ്റ്ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിലാണ് ബാങ്കുകളുടെ ക്ലെയിം കേന്ദ്രഗവൺമെന്റ് കണക്കാക്കുന്നത്. അതിനാൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉണ്ടാക്കുമ്പോൾ അങ്ങേയറ്റം ശ്രദ്ധ ചെലുത്തേണ്ടതാണ്.

xx) 'മറ്റു കർഷകരുടെ പക്കൽ നിന്നും വാങ്ങേണ്ട OTS ഫോറം, കടം എഴുതി തള്ളുന്നതിനും, കടാശ്വാസം നൽകുന്നതിനുമുള്ള സർട്ടിഫിക്കറ്റ് തുടങ്ങിയ ആവശ്യമായ ഫോറങ്ങളുടെ മാത്രക റിസർവ് ബാങ്ക് നബാഡുമായി കൂടിയാലോചിച്ച് തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിനോടൊപ്പം മേൽപറഞ്ഞ ഗുണഭോക്താക്കളിൽ നിന്നും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയതായി രേഖയും ഉണ്ടായിരിക്കേണ്ടതാണ്.

xxi) കേന്ദ്ര ഗവൺമെന്റ് നൽകിയ ഈ നിർദ്ദേശങ്ങൾ എല്ലാ വായ്പാ വിതരണ സ്ഥാപനങ്ങൾക്കും നൽകാൻ റിസർവ്വ് ബാങ്കിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അടിയന്തിര നടത്തിപ്പിനുള്ള മേൽനോട്ടം വഹിക്കാനും റിസർവ് ബാങ്കിനേയും, നബാർഡിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാധാന്യവും കാര്യക്ഷമതയോടെയും സമയ ബന്ധിതവുമായുള്ള നടത്തിപ്പിന്റെ ആവശ്യകതയും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളേയും അർബൻ സഹകരണ ബാങ്കുകളേയും, ഗ്രാമീണ ബാങ്കുകേളയും ഉദ്ബോധിപ്പിച്ചിട്ടുണ്ടെന്ന് റിസർവ് ബാങ്കും, നബാർഡും ഉറപ്പുവരുത്തേണ്ടതാണ്.

അജണ്ട - 3

## കടം എഴുതിതള്ളലും കടാശ്വാസവും പദ്ധതി -2008

കേന്ദ്ര ഗവൺമെന്റ് 2008-ലെ ബഡ്ജറ്റിൽ കർഷകർക്കായി ഒരു കടം എളുതിതള്ളലും, കടാശ്വാസവും പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. കൃഷി ആവശ്യങ്ങൾക്കായി വായ്പാ വിതരണ സ്ഥാപനങ്ങളിൽനിന്നും നേരിട്ട് ഹ്രസ്വകാല/പദ്ധതി വായ്പകളെടുത്തിരുന്ന കർഷകർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. 31.3.1997-നും 31.3.2007-നും (രണ്ടു തീയതിയും ഉൾപ്പെടെ) മദ്ധ്യേ അനുവദിക്കപ്പെട്ട വായ്പയിൽ 31.3.2007-ൽ കുടിശ്ശികയായ തുകയുടെ 29.2.2008-ലെ കുടിശ്ശിക ബാക്കി നിൽപ്പു തുകയാണ് ആ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹമാകുന്നത്. കാർഷിക വായ്പയെടുത്ത നാമമാത്ര/ചെറുകിട കർഷകന്റെ മേൽപ്പറഞ്ഞ മാനദണ്ഡമനുസരിച്ചുള്ള കുടിശ്ശികയായ കടം മൊത്തം എഴുതിതള്ളലിന് അർഹമാണ്. എന്നാൽ 'മറ്റു കർഷകൻ' എന്ന ഇനത്തിൽ വരുന്ന കർഷകരുടെ കടത്തിന്റെ 25% കടാശ്വാസമായി നൽകുകയാണ് ചെയ്യുന്നത്. ബാക്കി 75% അടച്ചെങ്കിൽ മാത്രമെ മേൽപ്പറഞ്ഞ 25% ആശ്വാസത്തിന് അർഹരാവുകയുള്ളൂ. കടം എഴുതിതള്ളലിനോ കടാശ്വാസത്തിനോ വിധേയമായ തുകയ്ക്ക്, തുല്യമായ തുകയ്ക്ക് പുതിയ വായ്പയ്ക്ക് കർഷകർക്ക് അവാകശമുണ്ടായിരിക്കും.

നബാർഡിന്റെ ആദ്യ നിർദ്ദേശങ്ങളനുസരിച്ച് 2710.39 കോടി രൂപയുടെ അപേക്ഷ നമ്മൾ സമർപ്പിച്ചിരുന്നു. ശതശതമാനം-കേരളീയം പദ്ധതിയനുസരിച്ച് നാം പിരിച്ച 250 കോടി രൂപയും അതിന്റെ പലിശയായ 130 കോടി രൂപയും ചേർത്തുള്ള 380 കോടി രൂപയും കൂടി ജില്ലാ ബാങ്കുകൾ നൽകിയ കണക്കുകൾക്കൊപ്പം ചേർത്തിട്ടുണ്ട്. നബാർഡ് വീണ്ടും നൽകിയ നിർദ്ദേശങ്ങൾക്കനുസരിച്ച് മേൽപ്പറഞ്ഞ അപേക്ഷ 2025.41 കോടി രൂപ (380 കോടി രൂപ ഉൾപ്പെടെ) യായി പുതുക്കി അപേക്ഷ സമർപ്പിച്ചു. പക്ഷേ നബാർഡ് അവരുടെ ഉദ്യോഗസ്ഥരെ വച്ച് എല്ലാ ജില്ലകളിലും പരിശോധന നടത്തുകയും

നമ്മുടെ മൊത്തം ക്ലെയിമിൽ കുറവുവരുത്തി ആയത് 1645.41 കോടിയായി കണക്കാക്കി എന്നു കാണിച്ചുകൊണ്ട് അവരുടെ 29.4.2008-ലെ കത്തുപ്രകാരം നമുക്ക് അറിയിപ്പുതന്നു.

ഇപ്പോൾ നബാർഡ് അവരുടെ 23.5.2008-ലെ സർക്കുലർ നമ്പർ NB.Kerala.CPD/1566/Pl-14/2008-2009 പ്രകാരം കടം എഴുതിതള്ളലും കടാശ്വാവും പദ്ധതിയുടെ പൂർണ്ണരൂപത്തിലുള്ള നിർദ്ദേശങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു. ഇതനുസരിച്ചുള്ള ആനുകൂല്യങ്ങൾക്കുള്ള അർഹത ഖണ്ഡിക -1-ൽ പറഞ്ഞതുപോലെ തന്നെ.

നബാർഡ് മേൽപ്പറഞ്ഞ സർക്കുലറിന്റെ വിശദീകരണത്തിനായി ജില്ലാ ബാങ്ക് ജനറൽ മാനേജർമാരുടെ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുകയുണ്ടായി. സംസ്ഥാന സഹകരണ ബാങ്കിന്റേയും, സഹകരണ സംഘം രജിസ്ട്രാറുടേയും, കേരള സർക്കാർ സഹകരണ വകുപ്പിന്റേയും പ്രതിനിധികൾ പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിരുന്നു. ഉദ്യോഗസ്ഥന്മാരുടെ സംഘങ്ങൾക്ക് നബാർഡ് ചീഫ് ജനറൽ മാനേജർ, ജനറൽ മാനേജർമാർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ വിശദീകരണം നൽകി. ഇതിന് ശേഷം നബാർഡ് വീണ്ടും പ്രസ്തുത പദ്ധതിയിലെ പല നിബന്ധനകൾക്കും വിശദീകരണങ്ങൾ നൽകികൊണ്ട് 29.5.2008-ൽ പുതിയ സർക്കുലറും നൽകിയിട്ടുണ്ട്. നബാർഡ് ആവശ്യപ്പെട്ടതു പ്രകാരം സംസ്ഥാന സഹകരണ ബാങ്ക് പ്രസ്തുത സ്കീമിന്റെ മലയാള വിവർത്തനവും, വിവരങ്ങൾ ശേഖരിക്കാനുള്ള ഒരു മാതൃകാഫോറം (മലയാളത്തിൽ) തയ്യാറാക്കി ജില്ലകൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കൂടാതെ 29.5.2008-ൽ നൽകിയ വിശദീകരണ സർക്കുലറും മലയാളത്തിൽ വിവർത്തനം ചെയ്ത് മാതൃകാഫോറം ഉൾപ്പെടെ നൽകിയിട്ടുണ്ട്. ഇവയുടെ പകർപ്പുകൾ ഈ നോട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. കൂടാതെ ഇവ സംസ്ഥാന സഹകരണ ബാങ്കിന്റെ www.keralacobank.com എന്ന പേരിലുള്ള വെബ്സെറ്റിൽ കൊടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ മാതൃകാഫോറത്തിൽ നബാർഡോ, സഹകരണ

സംഘം രജിസ്ട്രാറോ, ജില്ലാ ബാങ്കുകളോ അതുപോലെ ബന്ധപ്പെട്ട ആരെങ്കിലുമോ എന്തെങ്കിലും ഭേദഗതിയോ നിർദ്ദേശങ്ങൾ ഉടനടി വയ്ക്കുകയാണെങ്കിൽ അതും കണക്കിലെടുക്കുന്നതാണ്.

കടം എഴുതിതള്ളലിനോ കടാശ്വാസത്തിനോ അർഹരായ വായ്പക്കാരുടെ 'സൂക്ഷമതയും, സത്യസന്ധതയും, കൃത്യതയുമുള്ള' ലിസ്റ്റ് 2008 ജൂൺ 30-ന് അതാത് സംഘങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. അർഹതയെ സംബന്ധിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബാങ്ക് ഒപ്പിട്ട് കർഷകർക്ക് നൽകേണ്ടതാണ്. ഇതിനോട് ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, കണക്കുകളും ബാങ്കിൽ സൂക്ഷിയ്ക്കേണ്ടതും ആയവ പരിശോധനയ്ക്കു വിധേയമായിരിക്കുകയും ചെയ്യും. മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും 30.6.2008-നു മുമ്പായി ബാങ്കുകൾ ചെയ്തിരിക്കേണ്ടതാണ്. ബാങ്കുകളുടെ ക്ലെയിം 30.9.2008-ന് സമർപ്പിക്കേണ്ടതാണ്.

ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ ചർച്ചക്കായി സമർപ്പിക്കുന്നു.